ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 03.09.2026 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. നഗരവൽക്കരണത്തിന്റെ ഭാഗമായ വെല്ലുവിളികളെക്കുറിച്ച് നഗര തദ്ദേശഭരണ സ്ഥാപനങ്ങളെ ബോധവൽക്കരിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi has called for sensitising Urban Local Bodies to the challenges arising from urbanisation.**

2. -ബെൽജിയം പ്രധാനമന്ത്രി ബാർട്ട് ഡി വെവറും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഇന്ന് ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ചകൾ നടത്തും.

   **Prime Minister Narendra Modi and Prime Minister of Belgium, Bart De Wever, will hold bilateral talks in New Delhi today.**

3. വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിന്റെ പോളണ്ട് സന്ദർശനത്തിന് തുടക്കമായി. പോളണ്ട് ഉപപ്രധാനമന്ത്രിയുമായി സംവദിക്കും.

   **Minister of External Affairs S. Jaishankar has begun his visit to Poland. He will interact with the Poland Deputy Prime Minister.**

4. ഐ ടി സേവനങ്ങളിൽ നിന്നും സാങ്കേതികവിദ്യാ നിർമാണത്തിലേക്ക് സംസ്ഥാനം മാറണമെന്നും മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി.

**Minister P. K. Kunhalikutty stated that Keralam should shift from IT services to technology manufacturing.**

5. പ്രളയക്കെടുതികൾ നേരിടുന്ന നേപ്പാളിന് ദുരിതാശ്വാസ സാമഗ്രികളുമായി ഇന്ത്യൻ വ്യോമസേനയുടെ അഞ്ചാം വിമാനം കാഠ്മണ്ഡുവിലെത്തി.

**India has stepped up its relief operation in flood-hit Nepal, with delivering a fifth tranche of emergency material.**

6. വനിതാ ടി–20 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ - ഹോങ്കോങ്ങ് പോരാട്ടം.

**In Twenty -20 Asia Cup 2026 Women's Cricket, India will take on Hong Kong in their second Group A match today.**

❁❁❁❁❁❁❁❁❁❁❁❁❁

**PM - JAL SHAKTI**

നഗരവൽക്കരണത്തിന്റെ ഭാഗമായ വെല്ലുവിളികളെക്കുറിച്ച് നഗര തദ്ദേശഭരണ സ്ഥാപനങ്ങളെ ബോധവൽക്കരിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ജൽശക്തി മന്ത്രാലയം സംഘടിപ്പിച്ച ദേശീയ ജല ഉച്ചകോടിയുടെ സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. നഗരങ്ങളിലെ ജനസംഖ്യാ വർദ്ധന, ഭാവിയിലെ ജലലഭ്യത എന്നിവ കണക്കിലെടുത്ത് പ്രത്യേക 'ചിന്തൻ ശിബിരങ്ങൾ'

സംഘടിപ്പിക്കണമെന്നും പ്രധാനമന്ത്രി നിർദ്ദേശിച്ചു. ബോധവൽക്കരണത്തിനായി 'ജല ഉത്സവ്' പോലുള്ള ജനപങ്കാളിത്ത പരിപാടികൾ പ്രോത്സാഹിപ്പിക്കണം. കൃത്യമായ ജലവിവര ശേഖരണത്തിനും വിശകലനത്തിനും എഐ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

## BELGIUM PM VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബെൽജിയം പ്രധാനമന്ത്രി ബാർട്ട് ഡി വെവറും ഇന്ന് ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ചകൾ നടത്തും. പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളെക്കുറിച്ച് ഇരു നേതാക്കളും ചർച്ച ചെയ്യും. ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാറിന്റെ പശ്ചാത്തലത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ ബെൽജിയം പ്രധാനമന്ത്രി മുഖ്യപ്രഭാഷണം നടത്തും. മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ഇന്നലെയാണ് ബെൽജിയം പ്രധാനമന്ത്രി ഡൽഹിയിലെത്തിയത്.

## S JAISHANKAR-UKRAINE

വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിന്റെ പോളണ്ട് സന്ദർശനത്തിന് തുടക്കമായി. വാർസോ വിമാനത്താവളത്തിൽ പോളണ്ടിലെ ഇന്ത്യൻ അംബാസഡർ

നീത ഭൂഷൺ അദ്ദേഹത്തെ സ്വീകരിച്ചു. പോളണ്ട് ഉപപ്രധാനമന്ത്രിയുമായി ശ്രീ ജയശങ്കർ ചർച്ച നടത്തും. പോളണ്ട് സന്ദർശനത്തിന് ശേഷ അദ്ദേഹം യുക്രെയ്നിലേക്ക് യാത്ര തിരിക്കും. ഉഭയകക്ഷിബന്ധം, പ്രാദേശിക വെല്ലുവിളികൾ, പരസ്പര താല്പര്യമുള്ള സുപ്രധാന വിഷയങ്ങൾ തുടങ്ങിയവ ചർച്ച ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁

**NIRMALA SITARAMAN**

യൂറോപ്യൻ യൂണിയൻ, ലോകബാങ്ക്, അന്താരാഷ്ട്ര നാണയനിധി ഉൾപ്പെടെ പ്രമുഖ സാമ്പത്തിക ശക്തികളുമായി ബന്ധം ദൃഢമാക്കാൻ ഇന്ത്യ നീക്കം സജീവമാക്കി. അമേരിക്കയിലെ ആഷെവിലിൽ ജി–20 ധനമന്ത്രിമാരുടെയും സെൻട്രൽ ബാങ്ക് ഗവർണർമാരുടെയും യോഗത്തിനിടെ

കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ ഇതിനായി ഉന്നതതല ചർച്ചകൾ നടത്തി. വികസന നയ രൂപീകരണ ധനസഹായമായി 150 കോടി ഡോളർ അനുവദിക്കുന്നതിനുള്ള നടപടി വേഗത്തിലാക്കിയതിനെ ലോകബാങ്ക് പ്രസിഡന്റ് അജയ് ബംഗയുമായി നടത്തിയ കൂടിക്കാഴ്ചയിൽ ധനമന്ത്രി സ്വാഗതംചെയ്തു. ആഗോള സാമ്പത്തിക കാഴ്ചപ്പാടുകളും ഇന്ത്യയുടെ സാമ്പത്തിക വളർച്ചയും ഐഎംഎഫ് മാനേജിങ് ഡയറക്ടർ ക്രിസ്റ്റലീന ജോർജീവക്കൊപ്പം മന്ത്രി അവലോകനം ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

## NEPAL FLOOD(INTRO)

പ്രളയക്കെടുതികൾ നേരിടുന്ന നേപ്പാളിന് രക്ഷാ - ദുരിതാശ്വാസ സഹായം തുടർന്ന് ഇന്ത്യ. വ്യോമസേനയുടെ അഞ്ചാമത്തെ വിമാനം കാഠ്മണ്ഡുവിലെത്തി. ഇതുവരെ 74 ടൺ ദുരിതാശ്വാസ സാമഗ്രികൾ നേപ്പാളിലെത്തിച്ചതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 1,250 ആയി.

***വിശദാംശങ്ങളിലേക്ക് .......................***

***(വോയിസ്)***

## NEPAL FLOOD(VOICE)

ആവശ്യമരുന്നുകൾ, ശസ്ത്രക്രിയാ ഉപകരണങ്ങൾ, എന്നിവയുൾപ്പെടെ ഏകദേശം 5.5 ടൺ മെഡിക്കൽ സാമഗ്രികളാണ് നേപ്പാളിന് ഇന്ത്യ കൈമാറിയത്. 11 അംഗ വിദഗ്ധ സംഘവും കഠ്മണ്ഡുവിലെത്തിയിട്ടുണ്ട്. ഭോട്ടെകോശി നദിയുടെ തീരത്തുള്ള തുരങ്കങ്ങളിലും ഭൂഗർഭ വൈദ്യുത നിലയങ്ങളിലും കുടുങ്ങിക്കിടക്കുന്നവരെ കണ്ടെത്താനായുള്ള രക്ഷാപ്രവർത്തനം തുടരുകയാണ്. ഡിഎൻഎ സാമ്പിളുകൾ പരിശോധിക്കുന്നതിന് ഇന്ത്യയിൽ നിന്നുള്ള ഫോറൻസിക് സംഘം കാഠ്മണ്ഡുവിലെ രണ്ട് ലബോറട്ടറികളിലായി

പ്രവർത്തിക്കുന്നുണ്ട്. അതിനിടെ, ടിബറ്റ് സന്ദർശനത്തിന് പോയ 410 ഇന്ത്യൻ പൗരന്മാർ നാട്ടിലേക്ക് മടങ്ങി.

*ന്യൂസ്ഡസ്ക് ആകാശവാണി.....*

BRICS IP MEETING

BRICS രാജ്യങ്ങളിലെ ബൗദ്ധിക സ്വത്തവകാശ ഓഫീസ് മേധാവികളുടെ 18-ാമത് യോഗം ന്യൂഡൽഹിയിൽ ചേർന്നു. ഇന്ത്യയുടെ BRICS അധ്യക്ഷപദവിയിലെ പ്രമേയത്തിന് അനുസൃതമായാണ് ചർച്ചകൾ നടക്കുന്നത്. പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പും തുടർച്ചയും ഉറപ്പാക്കുന്നതിന് ഏകോപന സംവിധാനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുന്നത് അനിവാര്യമാണെന്ന് BRICS IP ഓഫീസുകളുടെ മേധാവികൾ വ്യക്തമാക്കി. ബൗദ്ധിക സ്വത്തവകാശ മേഖലയിലെ ബഹുമുഖ സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള കൂട്ടായ പ്രതിബദ്ധതയും യോഗത്തിൽ ചർച്ചയായി.

ISRO -SATELLITE

ഇന്ത്യയുടെ അത്യാധുനിക ഭൗമനിരീക്ഷണ ഉപഗ്രഹമായ

EOS-05 നാളെ വിക്ഷേപിക്കും. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് പുലർച്ചെ 2.55ന്

GSLV– F17 റോക്കറ്റ് ഉപയോഗിച്ചാണ് വിക്ഷേപണം. ഭൂസ്ഥിര ഭ്രമണപഥത്തിൽ ഇന്ത്യ സ്ഥാപിക്കുന്ന ആദ്യത്തെ ഇമേജിങ് ഉപഗ്രഹമാണിത്. രാജ്യത്തിന്റെ ഭൗമനിരീക്ഷണ ശേഷി ശക്തിപ്പെടുത്താനും സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും ഈ ദൗത്യത്തിലൂടെ സാധിക്കുമെന്ന് ഐഎസ്ആർഒ ചെയർമാൻ വി നാരായണൻ പറഞ്ഞു.

## JHARKHAND-H1N1

ജാർഖണ്ഡിൽ H1N1 പനി കേസുകൾ ഉയരുന്നു. കഴിഞ്ഞ 30 ദിവസത്തിനുള്ളിൽ 18 കുട്ടികൾ ഉൾപ്പെടെ 36 പേർക്കാണ് രോഗം റിപ്പോർട്ട് ചെയ്തത്. അന്തർസംസ്ഥാന യാത്ര കഴിഞ്ഞ് ജാർഖണ്ഡിലേക്ക് മടങ്ങുന്ന ആളുകളെ നിരീക്ഷിക്കാൻ ആരോഗ്യ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

## CRICKET-WOMENS ASIA CUP

വനിതാ ടി–20 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് രണ്ടാം ഗ്രൂപ്പ് മത്സരത്തിൽ ഹോങ്കോങ്ങിനെ നേരിടും. ദുബായ് ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം. ആദ്യ മത്സരത്തിൽ തായ്‌ലൻഡിനെ 94 റൺസിന് തകർത്ത ഇന്ത്യക്ക് ഇന്നു വിജയിച്ചാൽ സെമി ഫൈനൽ ഉറപ്പാക്കാം. ദുബായിൽ ഇന്നലെ നടന്ന ഗ്രൂപ്പ് ബി

മത്സരത്തിൽ ശ്രീലങ്ക ഇന്തോനേഷ്യയെ 75 റൺസിന് പരാജയപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

## ADVENTURE SPORTS – AWARD

2024 ലെ തെൻസിംഗ് നോർഗെ ദേശീയ സാഹസിക പുരസ്കാരങ്ങൾ കേന്ദ്ര യുവജന കായിക മന്ത്രാലയം പ്രഖ്യാപിച്ചു. ഭൗമ – ജല – വ്യോമ മേഖലകളിലെ സാഹസികത, സമഗ്ര സംഭാവന എന്നിങ്ങനെ നാല് വിഭാഗങ്ങളിലായാണ് പുരസ്കാരങ്ങൾ. ബൽജീത് കൗർ, സ്കൽസാങ് റിഗ്സിൻ, റിമോ സാഹ തുടങ്ങിയവർക്ക് സാഹസികതയ്ക്കുള്ള പുരസ്കാരങ്ങളും ശിവപ്രസാദ് ചമോലിക്ക് സമഗ്ര സംഭാവനയ്ക്കുമാണ് പുരസ്കാരം. ദേശീയ കായിക പുരസ്കാരങ്ങൾക്കൊപ്പം രാഷ്ട്രപതി ഭവനിൽ നടക്കുന്ന ചടങ്ങിൽ രാഷ്ട്രപതി ഈ അവാർഡുകളും സമ്മാനിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## NCC SAILING(INTRO)

കേരള – ലക്ഷദ്വീപ് എൻസിസി ഡയറക്ടറേറ്റിനു കീഴിലുള്ള നാവിക എൻസിസി കേഡറ്റുകളുടെ ജല സാഹസിക യാത്രയ്ക്ക് ഇന്ന് കൊല്ലത്തു തുടക്കമാകും.

***കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി......***

***(വോയിസ്)***

## MINISTER – P K KUNJALIKUTTY

ഐ ടി സേവനങ്ങളിൽ നിന്നും സാങ്കേതികവിദ്യാ നിർമാണത്തിലേക്ക് സംസ്ഥാനം മാറണമെന്നും മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി. 'അടൽ എസ്റ്റാബ്ലിഷ്ഡ് ഇൻകുബേഷൻ സെന്ററി'ന്റെ ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഐടി മേഖലയിലും സോഫ്റ്റ്വെയർ രംഗത്തും കേരളം വിപ്ലവം സൃഷ്ടിച്ചിട്ടുണ്ടെങ്കിലും പുതിയ കാലഘട്ടത്തിൽ വെറും സേവനദാതാക്കളായി തുടരാനാവില്ലെന്നും ആഗോള വിപണി ലക്ഷ്യമിട്ട് വലിയ വെല്ലുവിളികൾ ഏറ്റെടുക്കാൻ യുവസംരംഭകർ തയാറാകണമെന്നും അദ്ദേഹം പറഞ്ഞു.

## ICAR – PATENT

ജലമില്ലാതെ മത്സ്യങ്ങൾ ഉൾപ്പെടെയുള്ള ജലജീവികളെ ജീവനോടെ കൊണ്ടുപോകുന്നതിനുള്ള നൂതന സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്ത് കൊച്ചിയിലെ ഐ.സി.എ.ആർ-സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി. ഈ സാങ്കേതികവിദ്യയ്ക്കുള്ള ഇന്ത്യൻ പേറ്റന്റ് ലഭിച്ചു. പരമ്പരാഗത ജലാധിഷ്ഠിത ഗതാഗത സംവിധാനങ്ങൾക്കും നിലവിലുള്ള ജലരഹിത ഗതാഗത സംവിധാനങ്ങൾക്കും ബദലായി ഉപയോഗിക്കാവുന്ന സാങ്കേതികവിദ്യയാണിത്. നിയന്ത്രിതമായ ഉയർന്ന മർദ്ദവും

താഴ്ന്ന താപനിലയും ഉപയോഗിച്ചാണ് സംവിധാനം പ്രവർത്തിക്കുന്നത്.

## SHRI RAM JANMBHOOMI TRUST-CEO

അയോധ്യയിലെ ശ്രീ രാമജന്മഭൂമി ക്ഷേത്ര ട്രസ്റ്റിന്റെ പ്രഥമ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി റിട്ടയേർഡ് എയർ മാർഷൽ ജിതേന്ദ്ര മിശ്രയെ നിയമിച്ചു. ട്രസ്റ്റ് പ്രസിഡന്റ് മഹന്ത് നൃത്യഗോപാൽ ദാസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. ശ്രീരാമ ക്ഷേത്ര സമുച്ചയത്തിന്റെ ഭരണപരമായ കാര്യങ്ങൾക്കും പ്രധാന പ്രവർത്തനങ്ങൾക്കും സിഇഒ നേതൃത്വം നൽകും.

## WOMENS CHAMPIONS TROPHY

പ്രഥമ വനിതാ ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ടൂർണമെന്റിന്റെ വേദി ശ്രീലങ്കയിൽനിന്ന് ഇന്ത്യയിലേക്ക് മാറ്റി. ശ്രീലങ്കൻ ക്രിക്കറ്റ് ഭരണസമിതിയിലെ ആഭ്യന്തര തർക്കങ്ങളെത്തുടർന്നാണ് അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ ഇന്ത്യയെ ആതിഥേയരായി പ്രഖ്യാപിച്ചത്. ഐസിസി റാങ്കിങ്ങിൽ മുന്നിലുള്ള ഓസ്ട്രേലിയ, ഇംഗ്ലണ്ട്, ഇന്ത്യ, ന്യൂസിലാൻഡ്, ദക്ഷിണാഫ്രിക്ക, ശ്രീലങ്ക എന്നീ ആറ് ടീമുകൾ പങ്കെടുക്കുന്ന ടൂർണമെന്റ് അടുത്തവർഷം ഫെബ്രുവരി 14 മുതൽ 28 വരെ നടക്കും.